**നമ്പർ എൻ.ഇ.പി (3)-18765/05/DPI**

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം**

**തീയതി : 24.11.2007**

## സർക്കുലർ

**വിഷയം :** **ഹൈസ്കൂൾ ക്ലാസ്സുകളിലെ 2007-08 അധ്യയനവർഷത്തെ രണ്ടാം പാദവാർഷിക ഐ.ടി.പ്രായോഗിക പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

**സൂചന** : 17.08.2007 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എൻ.ഇ. പി-3/18765/05-ാം നമ്പർ സർക്കുലർ.

സംസ്ഥാനത്തെ ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ 2002-03 അധ്യയനവർഷം മുതൽ ഐ.ടി. ഒരു വിഷയമാക്കുകയും അതിന് എഴുത്തു പരീക്ഷയും പ്രായോഗിക പരീക്ഷയും ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.കഴിഞ്ഞ വർഷം വരെ വിൻഡോസ്, ലിനക്സ് എന്നീ ഓപ്പറേറ്റിങ്ങ് സിസ്റ്റങ്ങളിലൊന്ന് കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ കഴിയുമായിരുന്നു. എന്നാൽ ഈ അദ്ധ്യയന വർഷം (2007-08) മുതൽ 8,9,10 ക്ലാസ്സുകളിൽ പൂർണ്ണമായും ലിനക്സ് ഓപ്പറേറ്റിങ്ങ് സിസ്റ്റത്തിലാണ് ഐ.ടി.പഠനം നടക്കുന്നത്. ഇതിനായി പത്താം ക്ലാസ്സിൽ പൂർണ്ണമായും 8,9 ക്ലാസ്സുകളിൽ സപ്ലിമെന്ററിയായും ലിനക്സ് അധിഷ്ഠിതമായ പാഠപുസ്തകങ്ങൾ തയ്യാറാക്കി സ്ക്കൂളുകളിൽ എത്തിച്ചിട്ടുണ്ട്. ഈ ക്ലാസ്സുകളിലെ ഐ.ടി പ്രായോഗിക പരീക്ഷ നടത്തുന്നതിന് ഐ.ടി.@സ്ക്കൂൾ പ്രോജക്ടിന്റെ നേതൃത്വത്തിൽ എസ്.സി.ഇ.ആർ.ടിയുടേയും ഫ്രീസോഫ്റ്റ്വെയർ ഫൗണ്ടേഷൻ ഓഫ് ഇൻഡ്യയുടേയും സഹായത്തോടെ വികസിപ്പിച്ചെടുത്ത സോഫ്റ്റ്വെയറാണ് ഉപയോഗിക്കുന്നത്. സംസ്ഥാനത്തുടനീളം ഏകീകൃത രീതിയിൽ ഐ.ടി. പ്രായോഗിക പരീക്ഷ നടക്കണമെന്ന ഉദ്ദേശത്തോട് കൂടിയാണ് പ്രസ്തുത സോഫ്റ്റ്വെയർ വികസിപ്പിച്ചെടുത്തത്. 8,9,10 ക്ളാസ്സുകളിൽ 2007-08 അധ്യയനവർഷത്തിൽ നടക്കുന്ന ഐ.ടി പ്രായോഗിക പരീക്ഷകളെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

(1) ഐ.ടി പ്രായോഗിക പരീക്ഷ ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിലാണ് നടക്കുന്നത്.

(2) ഒന്നാം പാദവാർഷിക പരീക്ഷയുടെ മാതൃകയിൽ തന്നെയാണ് രണ്ടാം പാദവാർഷിക ഐ.ടി പരീക്ഷയും നടത്തുന്നത്.

(3) ഈ വർഷത്തെ സോഫ്റ്റ്‌വെയറിന് കഴിഞ്ഞ വർഷത്തേതിൽ നിന്നും വ്യത്യസ്തമായി താഴെ പറയുന്ന പ്രത്യേകതകളുണ്ട്:

i). 8, 9, 10 ക്ലാസുകളിൽ, ഒന്നാം പാദവാർഷിക പരീക്ഷക്കുവേണ്ടി നൽകിയിട്ടുള്ള സോഫ്റ്റ്‌വെയർ തന്നെയാണ് രണ്ടാം ടേമിലെ പരീക്ഷക്കും ഉപയോഗിക്കേണ്ടത്.

ii). രണ്ടാം ടേമിലേക്കുള്ള ഇൻവിജിലേറ്റർ കോഡ് അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ എത്തിക്കുന്നതാണ്.

iii). സ്കൂളുകൾക്ക് ലഭിച്ചിരിക്കുന്ന പരീക്ഷാ സോഫ്റ്റ്‌വെയർ പുറമേ പരസ്യപ്പെടുത്തുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ട പൂർണ്ണ ഉത്തരവാദിത്വം സ്കൂൾ ഹെഡ്മാസ്റ്റർക്കാണ്.

iv). പത്താംക്ലാസിലെ മോഡൽ ഐ.ടി പ്രായോഗിക പരീക്ഷ, 2008 മാർച്ചിലെ എസ്.എസ്.എൽ.സി. ഐ.ടി പ്രായോഗിക പരീക്ഷ എന്നിവയ്ക്കുള്ള സോഫ്റ്റ്‌വെയറുകൾ അതത് സമയങ്ങളിൽ പ്രത്യേകമായി ലഭ്യമാക്കുന്നതാണ്.

(4) ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ എത്തിക്കുന്ന ഇൻവിജിലേറ്റർ കോഡ് സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ചെയ്യേണ്ടതാണ്. ജില്ലയിലെ പ്രഥമാധ്യാപകരുടെ യോഗം വിളിച്ചുചേർത്ത് ഇത് വിതരണം ചെയ്യേണ്ടതാണ്. ഇതിനായി ജില്ലയിലെ മാസ്റ്റർ ട്രെയ്നർമാരുടെ സേവനം ഉപയോഗിക്കാവുന്നതാണ്.

(5) ഐ.ടി പ്രായോഗികപരീക്ഷാ ചോദ്യങ്ങൾ മുൻകൂട്ടി പ്രസിദ്ധീ കരിക്കുന്നതാണ്. ഇത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.education.kerala.gov.in** -ൽ ലഭ്യമാ ക്കുന്നതാണ്.

(6) പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ടുണ്ടാകാവുന്ന സംശങ്ങൾ ദൂരീകരിക്കുന്നതിനായി സ്കൂൾ ഐ.ടി കോർഡിനേറ്റർമാർക്ക് പരിശീലനം 2007 നവംബർ 27, 28, 29 തീയതികളിൽ നടത്തുന്നതാണ്.

(7) രണ്ടാം ടേം ഐ.ടി പ്രായോഗിക പരീക്ഷ **2007 ഡിസംബർ 3-ന് തുടങ്ങി ഡിസംബർ 21-ന് മുൻപ്** തീർക്കേണ്ടതാണ്.

(8) രണ്ടാം പാദവാർഷിക ഐ.ടി പ്രായോഗിക പരീക്ഷക്കുൾപ്പെടുത്തി യിട്ടുള്ള പാഠഭാഗങ്ങൾ, സ്ക്കോറുകൾ എന്നിവയെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ അനുബന്ധം (I)-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് സ്കൂൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

(9) ഓരോ ക്ലാസ്സിലേയും ഐ.ടി. പ്രായോഗിക പരീക്ഷ മുകളിൽ പറഞ്ഞ സമയത്തിനുള്ളിൽ നടത്തിത്തീർക്കേണ്ടതാണ്. പത്താംക്ലാസിലെ

ഐ.ടി പ്രായോഗിക പരീക്ഷയുടെ കൺസോളിഡേറ്റഡ് സ്കോർഷീറ്റിന്റെ പ്രിന്റൗട്ട് സ്കൂൾ ഐ.ടി കോർഡിനേറ്ററും ഹെഡ്മാസ്റ്ററും ഒപ്പിട്ട് **2008 ജനുവരി 1ന് മുൻപ്** ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

(10) പ്രായോഗിക പരീക്ഷയെ സംബന്ധിക്കുന്ന നിശ്ചിത മാതൃകയിലുള്ള ഫീഡ്ബാക്ക് ഫോം (അനുബന്ധം.2) സ്ക്കൂളുകളിൽ ലഭ്യമാക്കുന്നതാണ്. പരീക്ഷ നടത്താൻ ചുമതലപ്പെട്ട അദ്ധ്യാപകർ അത് പൂരിപ്പിച്ച് കൺസോളിഡേറ്റഡ് സ്കോർഷീറ്റിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. വിദ്യാഭ്യാസ ജില്ലയിലെ ഫീഡ്ബാക്കുകൾ മാസ്റ്റർട്രെയിനർ കോ ഓർഡിനേഷൻ കൺസോളിഡേറ്റ് ചെയ്ത് ജില്ലാ കോഓർഡിനേറ്റർക്ക് നൽകേണ്ടതും ജില്ലാ കോഓർഡിനേറ്റർ ജില്ലയുടെ കൺസോളിഡേറ്റഡ് റിപ്പോർട്ട് 2008 ജനുവരി 10ന് മുൻപ് ഐ.ടി.സ്ക്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതു മാണ്.



**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും**

## <u>പകർപ്പ് :-</u>

(1) എല്ലാ DDEമാർക്കും

(2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി.@സ്ക്കൂൾ പ്രോജക്ട്

(3) എല്ലാ പ്രഥമ അദ്ധ്യാപകർക്കും (ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)

(4) ജില്ലാ കോർഡിനേറ്റർ, മാസ്റ്റർ ട്രെയിനർ കോർഡിനേഷൻ/മാസ്റ്റർ ട്രെയിനർ, ഐ.ടി@സ്കൂൾ പ്രോജക്ട്.

## അനുബന്ധം (I)

## 8,9,10 ക്ളാസുകളിലെ രണ്ടാം പാദവാർഷിക ഐ.ടി പ്രായോഗിക പരീക്ഷയെ സംബന്ധിക്കുന്ന വിശദ വിവരങ്ങൾ

പ്രായോഗികപരീക്ഷയ്ക്ക് 20 സ്കോറാണ് നിശ്ചയിച്ചിരിക്കുന്നത്. അതിൽ 18 സ്കോർ ഐ.ടി.ശേഷികൾ പരിശോധിക്കുന്നതിനും 2 സ്കോർ ഐ.ടി പ്രാക്ടിക്കൽ വർക്ക്ബുക്കിനും ആണ്. പ്രാക്ടിക്കൽ വർക്ക്ബുക്കും 18 സ്കോറിനുള്ള ഉത്തരങ്ങളും പ്രായോഗികപരീക്ഷ നടത്തുന്ന അദ്ധ്യാപകർ തന്നെ മൂല്യനിർണ്ണയം നടത്തേണ്ടതാണ്. അദ്ധ്യാപകന്റെ മൂല്യനിർണ്ണയത്തിൽ ലഭിച്ച സ്കോറും പ്രാക്ടിക്കൽ വർക്ക്ബുക്കിന് ലഭിച്ച സ്കോറും സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കും. ഓരോ വിഭാഗത്തിൽ നിന്നും ലഭ്യമാകുന്ന 2 ചോദ്യങ്ങളിൽ ഒരു ചോദ്യത്തിനാണ് കുട്ടികൾ ഉത്തരം നല്കേണ്ടത്. 8,9,10 ക്ലാസ്സുകളിലെ രണ്ടാം പാദവാർഷിക ഐ.ടി പ്രായോഗിക പരീക്ഷയ്ക്കുള്ള പാഠഭാഗങ്ങളും പരീക്ഷയിൽ ഓരോ പാഠഭാഗത്തിനുമുള്ള സ്കോറുകളും താഴെക്കൊടുത്തിരിക്കുന്നു.

### സ്റ്റാൻഡേർഡ് - VIII

| ക്രമ നമ്പർ | വിഭാഗം | പാഠഭാഗം | സോഫ്റ്റ്വെയറിൽ പ്രത്യക്ഷപ്പെടുന്ന ചോദ്യങ്ങൾ | ഉത്തരം നല്കേണ്ട ചോദ്യങ്ങൾ | സ്ക്കോർ | ആകെ സ്ക്കോർ |
|---|---|---|---|---|---|---|
| 1. | Part I | വേർഡ് പ്രോസസർ | 2 | 1 | 4 | 4 |
| | | ഇംപ്രസ് | 2 | 1 | 4 | 4 |
| | | സ്പ്രെഡ്ഷീറ്റ് | 2 | 1 | 4 | 4 |
| 2. | Part-II | എക്സ് പെയിന്റ് | 2 | 1 | 6 | 6 |
| പ്രാക്ടിക്കൽ വർക്ക് ബുക്ക് | | | | | | 2 |
| **ആകെ സ്ക്കോർ** | | | | | | 20 |

## സ്റ്റാൻഡേർഡ് - IX

| ക്രമ നമ്പർ | വിഭാഗം | പാഠഭാഗം | സോഫ്റ്റ് വെയറിൽ പ്രത്യക്ഷപ്പെടുന്ന ചോദ്യങ്ങൾ | ഉത്തരം നല്കേണ്ട ചോദ്യങ്ങൾ | സ്കോർ | ആകെ സ്കോർ |
|---|---|---|---|---|---|---|
| 1. | Part I | വേർഡ് പ്രോസസ്സർ | 2 | 1 | 4 | 4 |
| | | ഇംപ്രസ് | 2 | 1 | 4 | 4 |
| | | സ്പ്രെഡ്ഷീറ്റ് | 2 | 1 | 4 | 4 |
| 2 | Part-II | ജിമ്പ്/HTML | 2 | 1 | 6 | 6 |
| പ്രാക്ടിക്കൽ വർക്ക് ബുക്ക് | | | | | | 2 |
| **ആകെ സ്കോർ** | | | | | | 20 |

## സ്റ്റാൻഡേർഡ് - X

| ക്രമ നമ്പർ | വിഭാഗം | പാഠഭാഗം | സോഫ്റ്റ് വെയറിൽ പ്രത്യക്ഷപ്പെടുന്ന ചോദ്യങ്ങൾ | ഉത്തരം നല്കേണ്ട ചോദ്യങ്ങൾ | സ്കോർ | ആകെ സ്കോർ |
|---|---|---|---|---|---|---|
| 1. | Part I | വേർഡ് പ്രോസസ്സർ | 2 | 1 | 4 | 4 |
| 2 | | സ്പ്രെഡ്ഷീറ്റ് | 2 | 1 | 4 | 4 |
| 3 | | ഇംപ്രസ് | 2 | 1 | 4 | 4 |
| 3 | Part-II | ജിമ്പ്/HTML/Basic | 2 | 1 | 6 | 6 |
| പ്രാക്ടിക്കൽ വർക്ക് ബുക്ക് | | | | | | 2 |
| **ആകെ സ്കോർ** | | | | | | 20 |